"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കെ.എസ്.യു.ഡി.പി. - സി.ആർ.ഡി.പി. - തിരുവനന്തപുരം നഗരത്തിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിലെ കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവൃത്തിയുടെ കരാറുകാർ ഫയൽ ചെയ്ത കേസിലെ വിധി നടപ്പാക്കുന്നതിനായി അമൃത് മിഷൻ ഡയറക്ടറുടെ പേരിലുള്ള JnNURM അക്കൗണ്ടിൽ ലഭ്യമായ പലിശയിനത്തിലുള്ള തുകയിൽനിന്നും 93,16,298/- രൂപ കൂടി അനുവദി ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1737/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 24/09/2020

---

പരാമർശം:- 1. 16.05.2019-ലെ സ.ഉ.(സാധാ.)നം.998/2019/ത.സ്വ.ഭ.വ.

2. 28.06.2020 ലെ സ.ഉ(സാധാ)നം.1277/2020/തസ്വഭവ

3. 05.03.2020, 09.08.2020 ലെ അമൃത് മിഷൻ ഡയറക്ടറുടെ എ1-1105/2011/കെ.എസ്.യു.ഡി.പി നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനായി നടപ്പിലാക്കിയ പദ്ധതിയുടെ പ്രവൃത്തിയുടെ നടത്തിപ്പുകാരായ ഹൈഡ്രോടെക് എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്, ഫയൽ ചെയ്ത AR.No.27/2010 കേസിലെ ആർബിട്രേഷൻ ട്രൈബ്യൂണലിന്റെ 02/03/2015-ലെ അവാർഡ് നടപ്പിലാക്കുന്നതിനായി അമൃത് മിഷൻ ഡയറക്ടറുടെ പേരിൽ JnNURM അക്കൗണ്ടിൽ ലഭ്യമായ പലിശയിനത്തിലുള്ള തുകയിൽ നിന്നും 1,56,83,702/- രൂപ അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. അവാർഡ് തുക ലഭിക്കുന്നതിലേക്കായി കരാറുകാരൻ ഫയൽ ചെയ്ത എക്സിക്യൂഷൻ പെറ്റീഷനിൽ പലിശ ഇളവ് ലഭിക്കുന്നതിനായി നെഗോസിയേഷന് അപേക്ഷ സമർപ്പിച്ചതിൽ നെഗോസിയേഷനിൽ ആകെ 2,50,00,000/- രൂപയ്ക്ക് ധാരണയാവുകയും ആയതിൽ പരാമർശം 2 പ്രകാരം അനുവദിച്ചിട്ടുള്ളതിൽ ബാക്കി തുകയായ 93,16,298/- രൂപ അനുവദിക്കണമെന്ന് പരാമർശം 3 പ്രകാരം അമൃത് മിഷൻ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനായി നടപ്പാക്കിയ പദ്ധതിയുടെ കരാറുകാരനായ ഹൈഡ്രോടെക് എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് ഫയൽ ചെയ്ത കേസിലെ ആർബിട്രേഷൻ കേസിലെ ട്രൈബ്യൂണലിന്റെ 12/03/2015-ലെ വിധി നടപ്പാക്കി സർക്കാർ വസ്തുവകകൾ ജപ്തി ചെയ്യുന്നത് ഒഴിവാക്കുന്നതിനായി മിഡിയേഷൻ മുഖേന ധാരണയിൽ എത്തിയ 2,50,00,000/-

(രണ്ട് കോടി അൻപത് ലക്ഷം) രൂപയിൽ നിലവിൽ അനുവദിച്ച 1,56,83,702/- (ഒരു കോടി അൻപത്താറ് ലക്ഷത്തി എൺപത്തി മൂവായിരത്തി എഴുന്നൂറ്റി രണ്ട്) രൂപയ്ക്ക് പുറമേ 93,16,298/- (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി എട്ട്) രൂപ കൂടി മിഷൻ ഡയറക്ടറുടെ JnNURM അക്കൌണ്ടിൽ ലഭ്യമായ പലിശയിനത്തിലുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. ഈ കേസിൽ സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായവരുടെ പക്കൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ തുടരേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി .കെ. പ്രതാപൻ**
**ജോയിന്റ് സെക്രട്ടറി**

മിഷൻ ഡയറക്ടർ, "അമൃത്", തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ./ഇ&ആർ.എസ്.എ.),കേരളം,തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധന വകുപ്പ് (21.08.2020 ലെ ധെവ.2/90/2019-ധന പ്രകാരം )

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ